നം.NEP/73895/2017/DPI

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം**

തീയതി : 11.10.2017

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - കലാലയ മികവുകൾ കണ്ടെത്തുന്നതിനുള്ള 'ഹരിത വിദ്യാലയം രണ്ടാം ഭാഗം' വിദ്യാഭ്യാസ റിയാലിറ്റി ഷോ നടത്തുന്നത് സംബന്ധിച്ച്.**

സൂചന :- കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.09.2017, 07.10.2017 തീയതികളിലെ KITE/2017/HV/1549 (1), 1549 (4) എന്നീ നമ്പർ നിർദ്ദേശങ്ങൾ.

വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മുന്നേറ്റത്തിനുതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാലയങ്ങൾ നടപ്പിലാക്കുന്ന സവിശേഷ ആശയങ്ങളും അവയുടെ സസൂക്ഷ്മമായ ആസൂത്രണവും ബഹുമുഖമായ പങ്കാളിത്തവും സമർത്ഥമായ നടപ്പാക്കലും സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഇതര വിദ്യാലയങ്ങളിൽ പങ്കുവെയ്ക്കപ്പെടാനുമുള്ള അവസരം എന്ന നിലയിൽ **'ഹരിത വിദ്യാലയം'** എന്ന വിദ്യാഭ്യാസ റിയാലിറ്റി ഷോ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്), മുൻ ഐ.ടി.@സ്കൂൾ പ്രോജക്ട്, നടപ്പാക്കുന്നു. 2010-11 ൽ ഐ.ടി.@സ്കൂൾ വിക്ടേഴ്സ് ചാനലിലും ദൂരദർശനിലും സംപ്രേഷണം ചെയ്ത് വൻ വിജയമായ **'ഹരിത വിദ്യാലയം' വിദ്യാഭ്യാസ റിയലിറ്റി ഷോയുടെ രണ്ടാം ഭാഗമാണിത്.** 2017 നവംബർ മുതൽ ഐ.ടി.@സ്കൂൾ വിക്ടേഴ്സിലും ദൂരദർശനിലും സംപ്രേഷണം ചെയ്യുന്ന രീതിയിലാണ് രണ്ടാം ഭാഗം ക്രമീകരിക്കുന്നത്.

ഒക്ടോബർ 16 നകം സ്കൂളുകൾ ഓൺലൈനായി അപേക്ഷ നൽകണം. തീയതി നീട്ടുന്നതല്ല. പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ, അപേക്ഷാ ഫോറം, ഓൺലൈനായി നൽകുന്ന രീതി, ഹെൽപ്പ് ഡെസ്ക് നമ്പരുകൾ തുടങ്ങിയ വിശദാംശങ്ങളെല്ലാം www.harithavidyalayam.in സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങൾക്കും ഈ പരിപാടിയിൽ പങ്കെടുക്കാനും സ്വന്തം മികവുകൾ അവതരിപ്പിക്കാനും ഇതിലൂടെ അവസരം ലഭിക്കും. ആയതിനാൽ താങ്കളുടെ അധികാരപരിധിയിലുള്ള പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ ഹരിതവിദ്യാലയം റിയാലിറ്റി ഷോയിലൂടെ അവതരിപ്പിക്കുന്നതിന് സ്കൂളുകൾക്ക് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

ADPI (Academic)